"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - "ഞങ്ങളും കൃഷിയിലേക്ക്" ക്യാമ്പയിന്റെ ഭാഗമായി "കൃഷിക്കൂട്ടം" രൂപീകരിക്കുന്നതിന്റെ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (പ്ലാനിംഗ് ബി) വകുപ്പ്**

G.O.(Rt)No.883/2022/AGRI തീയതി,തിരുവനന്തപുരം, 07-10-2022

പരാമർശം:-
1. 17.03.2022 ലെ സ.ഉ (സാധാ)221/2022/അഗ്രി നമ്പർ സർക്കാർ ഉത്തരവ്.
2. 19.04.2022 ലെ സ.ഉ (സാധാ)313/2022/അഗ്രി നമ്പർ സർക്കാർ ഉത്തരവ്.
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 21.07.2022 ലെ ADFW/7/2022-VC നമ്പർ കത്ത്.

<u>ഉത്തരവ്</u>

ബഹു.മുഖ്യമന്ത്രിയുടെ രണ്ടാം നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നടപ്പിലാക്കുന്ന "ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പയിന്റെ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പരാമർശം 2 പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഞങ്ങളും കൃഷിയിലേക്ക് എന്ന ക്യാമ്പയിനിൽ കൂടി കൃഷിക്കൂട്ടം, പതിനായിരം കർഷക ഗ്രൂപ്പുകൾ, 10000 ഹെക്ടറിൽ ജൈവകൃഷി, മൂല്യവർദ്ധന കൃഷി, മൂല്യവർദ്ധന സംരംഭങ്ങൾ, ഹരിതപോഷക കാർബൺ ന്യൂലിത ഗ്രാമങ്ങൾ എന്നീ പദ്ധതികളിൽ എത്തിച്ചേരുന്നതിന് ലക്ഷ്യമിടുന്നു.

2) "ഞങ്ങളും കൃഷിയിലേക്ക്" ക്യാമ്പയിന്റെ ഭാഗമായി കാർഷിക താല്പര്യമുള്ള ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സന്നദ്ധരും സജ്ജരുമായ വ്യക്തികളെ ഉൾപ്പെടുത്തി കൃഷിക്കൂട്ടം രൂപീകരിക്കുന്നതിന്റെ മാർഗ്ഗരേഖ പരാമർശം 3 പ്രകാരം കൃഷി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3) പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും കൃഷിക്കൂട്ടം രൂപീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ അനുബന്ധമായി ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANITHAKUMARY K B
ADDITIONAL SECRETARY

ഉത്തരവിൻ പ്രകാരം

Signed by Nisha T K
Date: 07-10-2022 16:35:53
സെക്ഷൻ ഓഫീസർ

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , തിരുവനന്തപുരം
ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ / ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഐ & പി ആർ ഡി, വെബ് &ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

പകർപ്പ് :
ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
കാർഷികോൽപ്പാദന കമ്മീഷണറുടെ പി.എ യ്ക്ക്.
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.

## അനുബന്ധം

### കൃഷിക്കൂട്ടങ്ങളുടെ രൂപീകരണം

കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽ രൂപീകരിച്ചിട്ടുള്ളതും, നിലവിലുള്ളതുമായ കൃഷിഗ്രൂപ്പുകളെ നിലനിർത്തുന്ന രീതിയിലായിരിക്കണം കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടത്. അടുത്തടുത്ത വീടുകൾ, കൃഷിയിടങ്ങൾ എന്നിവ ആധാരമാക്കി കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്. കൃഷിക്കൂട്ടത്തിന് ഉല്പാദനം, സേവനം, സംഭരണം, വിതരണം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ഏർപ്പെടുവാൻ കഴിയും.

ഒരു വാർഡിൽ നിന്നും 5 മുതൽ 25 വരെ അംഗങ്ങൾ ഉൾക്കൊള്ളുന്നതും 5 സെന്റ് മുതൽ 2 ഏക്കർ വരെ ആകെ കൃഷി ചെയ്യുന്നതുമായ ഒരു സംഘം ആണ് കൃഷിക്കൂട്ടങ്ങൾ. ഒരു വാർഡിൽ ഒന്നിലധികം സംഘങ്ങൾ ഉണ്ടാകാം. ഒറ്റയ്ക്കോ കൂട്ടായോ ഭൂമി കണ്ടെത്തി കൃഷി ചെയ്യാം. ഒരു പ്രസിഡന്റും സെക്രട്ടറിയും സംഘത്തിന് ഉണ്ടാകും. സംഘം കൃഷി ഭവനിൽ രജിസ്റ്റർ ചെയ്യണം. ഇതിനായി എയിംസ് പോർട്ടൽ ഉപയോഗിക്കാം. വാർഡ് തലത്തിൽ വാർഡ് മെമ്പർ / കൗൺസിലർ അദ്ധ്യക്ഷനും ആ വാർഡിന്റെ ചുമതലയുള്ള കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ഓഫീസർ കൺവീനറുമായും കുടുംബശ്രീ പ്രതിനിധി/കർഷകസമിതി /ഉത്തമകൃഷി കുടുബാംഗം/ അംഗൻവാടി വർക്കർ/ ആശ പ്രവർത്തകർ എന്നിവർ അംഗങ്ങളുമായും ഒരു വാർഡ് തല കർമ്മ സമിതി രൂപീകരിക്കണം. ഈ സമിതി ആ വാർഡിന്റെ ഉല്പാദന സാധ്യത പരിശോധിച്ച് ഒരു വാർഡ് തല പ്ലാൻ ആസൂത്രണം ചെയ്യണം. ആവശ്യമായ ഭൂമി കണ്ടെത്തൽ, അടിസ്ഥാന സൗകര്യം ഒരുക്കൽ, കൃഷി ചെയ്യാൻ സന്നദ്ധത ഉള്ള വ്യക്തികളെ കണ്ടെത്തി കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിലേക്ക് അവരെ സജ്ജമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇവർക്ക് ഏറ്റെടുക്കാം.

### റിസോഴ്സ് പേഴ്സൺ

സംസ്ഥാന തലം മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപന തലം വരെ ഇതിനാവശ്യമായ റിസോഴ്സ് പേഴ്സൺ മാരെ കൃഷി വകുപ്പ് പരിശീലിപ്പിച്ച് സജ്ജരാക്കിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ നിന്നും ഇവരെ ജില്ലകളിലേക്ക് നിയോഗിക്കും. ജില്ലാ നോഡൽ ഓഫീസർമാർ ഇവരെ വിവിധ ബ്ലോക്കുകളിലേക്ക് നിയോഗിക്കും. ബ്ലോക്കുകളിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുമായി കൂടിയാലോചിച്ച് കൃഷിഭവൻ തലത്തിൽ പ്രവർത്തനങ്ങൾ ഇവർ ഏകോപിപ്പിക്കും.

ഓരോ ബ്ലോക്ക് തലത്തിലും 8 മുതൽ 12 വരെ റിസോഴ്സ് പേഴ്സൺമാരെ തിരഞ്ഞെടുക്കേണ്ടതുണ്ട്. ഇതിനായി ബ്ലോക്കിലേക്ക് നിയോഗിക്കപ്പെട്ട ജില്ലാതല റിസോഴ്സ് പേഴ്സൺമാർ സഹായിക്കും. ഇതിൽ 3-4 പേരെ സർക്കാർ സംവിധാനത്തിന് പുറത്തു നിന്നും നിയോഗിക്കാവുന്നതാണ്. കൃഷിക്കൂട്ട രൂപീകരണത്തിനും തുടർ പ്രവർത്തനത്തിനുമായി വേണ്ടി വരുന്ന എല്ലാ പരിശീലനങ്ങളും ബ്ലോക്കിലേക്ക് നിയോഗിക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാർ മുഖാന്തിരം ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രം നൽകുന്നതായിരിക്കും.

ഇതോടൊപ്പം തന്നെ ഞങ്ങളും കൃഷിയിലേക്ക് എന്ന ബഹുജന മുന്നേറ്റത്തിന്റെ ഭാഗമായി കൃഷിയിലേക്ക് എത്തുന്നവർക്ക് കണ്ട് മനസ്സിലാക്കാനാവശ്യമായ മാതൃകാ പ്രദർശന തോട്ടങ്ങളും കൃഷിവകുപ്പ് കൃഷിയിട ആസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ഓരോ കൃഷിഭവനിലും ഇത്തരത്തിലുള്ള 10 മാതൃകാത്തോട്ടങ്ങൾ ഉണ്ടാകും. അങ്ങനെ ആദ്യ ഘട്ടത്തിൽ ആകെ 10760 മാതൃക തോട്ടങ്ങൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കും.

സർക്കാർ സംവിധാനത്തിൽ നിന്നും ആത്മ, പച്ചക്കറി വികസന പദ്ധതി, ലീഡ്സ് ഫീൽഡ് അസിസ്റ്റന്റുമാർ, പെസ്റ്റ് സ്കൗട്ടുമാർ, മറ്റ് അനുബന്ധ വകുപ്പുകളിൽ നിന്നും ഉള്ള ജീവനക്കാർ തുടങ്ങിയവരെ ഇതിനായി നിയോഗിക്കാവുന്നതാണ്.

ഇവർ കൃഷിക്കൂട്ടങ്ങളുടെ മെൻററ്റർമാരായും പ്രവർത്തിക്കുന്നതാണ്. കൃഷിക്കൂട്ടങ്ങളെ ഉല്പാദന

മേഖലയിലേക്കോ, സേവന മേഖലയിലേക്കോ, മൂല്യവർദ്ധന സംസ്കരണ മേഖലയിലേക്കോ മാർഗ്ഗ ദർശനം നൽകേണ്ടത് ഈ റിസോഴ്സ് പേഴ്സൺമാരുടെയും വാർഡ് മെമ്പർമാരുടെയും ചുമതലകൾ ആയിരിക്കും.

<u>പഞ്ചായത്ത്തല ഏകോപനം</u>

കൃഷിക്കൂട്ടങ്ങളുടെ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന തല ഫെഡറേഷൻ, കൃഷി ഓഫീസർ കൺവീനർ ആയി നടപ്പിലാക്കും. ഇതിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സ്ഥാപന അധ്യക്ഷൻ എന്നിവർ പ്രത്യേകം ക്ഷണിതാക്കളും, കൃഷിക്കൂട്ടങ്ങളുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ നിന്നും തിരഞ്ഞെടുക്കുന്ന ഫെഡറേഷന്റെ പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവരും, മെന്റർമാരിൽ നിന്നും തെരഞ്ഞെടുക്കുന്നവരും ഇതിന്റെ ഭരണ സമിതിയിൽ അംഗങ്ങൾ ആയിരിക്കും. ഈ ഫെഡറേഷൻ കൃഷിക്കൂട്ടങ്ങളുടെ ഉപദേശക സമിതിയും വിവിധ വകുപ്പുകളുടെയും പദ്ധതികളുടെയും ഏകോപന ഏജൻസി ആയും പ്രവർത്തിക്കും.

<u>കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നത് വഴിയുള്ള നേട്ടം</u>

സാധ്യമായ എല്ലാ സ്ഥലത്തും കൃഷി വ്യാപിപ്പിക്കാം. എന്നാൽ ഈ കൃഷി ഒരു 'വിള നിർണ്ണയ വിപണന ആസൂത്രണ രേഖ' പ്രകാരം ആയതിനാൽ ഉത്പന്നങ്ങൾക്ക് വില ലഭിക്കാതെ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാകുന്നില്ല. കൃഷിയിടാധിഷ്ഠിത ആസൂത്രണത്തിലൂടെ, കർഷകർക്ക് അവരുടെ വിഭവങ്ങൾ പരമാവധി വിനിയോഗിച്ച് വരുമാനം വർധിപ്പിക്കുന്നതിനും സാധിക്കും. അത്തരത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കാം. കൃഷിക്കൂട്ടങ്ങൾക്ക് സേവന വിപണന മേഖലകൾ കൂടി ഏറ്റെടുക്കാമെന്നതിനാൽ തൊഴിലവസരം കൂട്ടുകയും ജീവിത നിലവാരം വർധിക്കുകയും ചെയ്യും. മൂല്യ വർധന മേഖല കൂടെ ഉൾപ്പെടുന്നതിനാൽ ഉല്പാദന നഷ്ടം ഗണ്യമായി കറയ്ക്കുന്നതിനും സാധിക്കും.

<u>ഫാം പ്ലാൻ</u>

കർഷകരുടെ എല്ലാ വിഭവങ്ങളും സംയോജിപ്പിച്ച മികച്ച ആസൂത്രണത്തിലൂടെ വിവിധ സംരംഭങ്ങളും വിളകളും കാർഷിക പാരിസ്ഥിതിക യൂണിറ്റിന്റെ അടിസ്ഥാനത്തിൽ ഉയർന്ന വരുമാനം ഉറപ്പാക്കുന്ന സമീപനമാണ് കൃഷിയിടാധിഷ്ഠിത ആസൂത്രണം (ഫാം പ്ലാൻ) . ഇതുവരെ തുടർന്ന് വന്ന വിള അധിഷ്ഠിത ആസൂത്രണത്തിൽ നിന്നും വിഭിന്നമായി കർഷകന്റെ കൃഷിയിടം ആസൂത്രണത്തിന്റെ പ്രധാന ഘടകമായി കണക്കിലെടുക്കുന്നു. അതിനാൽ കർഷകനു തന്റെ കൃഷിയിടത്തിൽ സാധ്യമായ എല്ലാ ഉല്പാദന പ്രക്രിയയും ശാസ്ത്രീയമായി ചെയ്യാൻ സാധിക്കുന്നു. അത് വഴി നഷ്ടം ഇല്ലാതാക്കാനും, ലാഭം വർധിപ്പിക്കാനും സാധിക്കും. ഇതിനായി കൃഷി ഓഫീസർമാരും വിവിധ വിദഗ്ധരും സഹായിക്കുന്നതായിരിക്കും. ഇത്തരത്തിൽ ഒരു പ്രാഥമിക പദ്ധതി കൃഷിവകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നുണ്ട്. മറ്റ പദ്ധതികളിൽ നിന്നും കർഷകന്റെ വളരെ നിർണ്ണായകമായ ആവശ്യങ്ങൾ നിറവേറ്റാൻ പറ്റാത്ത പക്ഷം ഈ പദ്ധതി വഴിയായി അതിനുള്ള സേവനങ്ങൾ വിവിധ ഏജൻസികൾ മുഖാന്തിരം നിർവഹിക്കപ്പെടുന്നതാണ്.

ആകെ നടപ്പിലാക്കുന്ന 10760 മാതൃകാത്തോട്ടങ്ങളിൽ 1000 എണ്ണം സമ്മിശ്ര കൃഷി രീതികൾ അനുവർത്തിക്കുന്ന സംയോജിത കൃഷിയിടങ്ങൾ ആയിരിക്കും. നെല്ല്, പയറുവർഗ്ഗങ്ങൾ, ചെറു ധാന്യങ്ങൾ, പച്ചക്കറികൾ മുതലായവയോടൊപ്പം മൃഗ പരിപാലനം, മീൻ വളർത്തൽ എന്നിവ കൂടെ ഉൾപ്പെടുത്തുന്നതായിരിക്കും.

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്</u>

കൃഷിക്കൂട്ടങ്ങളുടെ രൂപീകരണത്തിൽ ജനപ്രതിനിധികൾ നേതൃത്വം വഹിക്കണം. സ്ഥലം ലഭ്യത ഉറപ്പ് വരുത്തണം. വാർഡ് തല ഗ്രാമസഭകളിൽ കർമ്മ സമിതി അംഗങ്ങളെ പങ്കെടുപ്പിച്ച് കാർഷിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. കൃഷിയുടെ വർക്കിങ് ഗ്രൂപ്പുകളിൽ കൃഷിക്കൂട്ടങ്ങളുടെ ഫെഡറേഷനിലെ അംഗങ്ങളെ കൂടെ ഉൾപ്പെടുത്തി തദ്ദേശസ്വയം ഭരണ സ്ഥാപന തല കാർഷിക പദ്ധതികളുടെ ആസൂത്രണം സാധ്യമാക്കണം. ഇത്തരത്തിൽ പ്രാദേശിക പദ്ധതികളിൽ കാർഷിക മേഖലയ്ക്ക്

മുൻതൂക്കം കൊടുക്കാവുന്നതാണ്.

1. ഒരു വാർഡിൽ കുറഞ്ഞത് ഒരു ഗ്രൂപ്പ് എങ്കിലും പുതുതായി ആരംഭിക്കണം
2. നിലവിലുള്ള ഗ്രൂപ്പുകളെ കൃഷിക്കൂട്ടങ്ങളായി പരിഗണിക്കാവുന്നതാണ്.
3.കുട്ടികൾ/യുവാക്കൾ/സ്ത്രീകൾ/പ്രവാസികൾ/ പ്രായമായവർ എന്നിവർക്കായി പ്രത്യേക ഗ്രൂപ്പുകൾ ആരംഭിക്കാം.
4. ഒരു കൃഷിക്കൂട്ടത്തിൽ 5 മുതൽ 25 വരെ അംഗങ്ങളുണ്ടാകണം.
5. കൃഷിക്കൂട്ടം അംഗങ്ങൾക്ക് ഒറ്റയ്ക്കൊറ്റയ്ക്ക് കൃഷി ചെയ്യും ഗ്രൂപ്പിൽ ഭാഗമാകാവുന്നതാണ്.
6. ആ പ്രദേശത്തെ കൃഷി അസിസ്റ്റന്റ്/ അസിസ്റ്റന്റ് കൃഷി ഓഫീസർ/ റിസോർസ് പേഴ്സൺ ആയിരിക്കണം കൃഷിക്കൂട്ടത്തിന്റെ മെന്റർ.
7. കൃഷിക്കൂട്ടത്തിന് പ്രസിഡന്റ്/സെക്രട്ടറി എന്നിവർ ഉണ്ടാകണം.
8. കൃഷിക്കൂട്ടത്തിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ കൃഷി വകുപ്പിന്റെ രജിസ്ട്രേഷൻ നൽകുകയും അത് AIMS പോർട്ടലിൽ ഉൾപ്പെടുത്തുകയും ചെയ്യും.
9. കൃഷിക്കൂട്ടത്തിന് സീൽ, കാഷ് ബുക്ക്, ബാങ്ക് അക്കൗണ്ട് എന്നിവ ഉണ്ടായിരിക്കണം.
10. എല്ലാ മാസവും കൃഷിക്കൂട്ടം യോഗം ചേരുകയും ഒരു തുക (കുറഞ്ഞത് 20 രൂപ) കൃഷിക്കൂട്ട അംഗങ്ങളുടെ സമ്പാദ്യമായി ശേഖരിക്കേണ്ടതുമാണ്.
11. ഇപ്രകാരം ശേഖരിക്കുന്ന തുക കൃഷിക്കൂട്ടം അക്കൗണ്ടിൽ ബാങ്കിൽനിക്ഷേപിക്കണം. ഉൽപ്പന്നങ്ങളായും സമ്പാദ്യം സ്വീകരിക്കുന്നതാണ്. ഈ ഉൽപന്നങ്ങൾ വിറ്റ് തുക സമ്പാദ്യത്തിൽ കൊള്ളിക്കേണ്ട ചുമതല കൃഷിക്കൂട്ടം സെക്രട്ടറിയ്ക്കായിരിക്കും.
12. ഈ സമ്പാദ്യം പൊതു ഉപകരണങ്ങൾ വാങ്ങുന്നതിനും അംഗങ്ങൾക്കു വായ്പയായും അടിയന്തിര സാഹചര്യങ്ങളിൽ പലിശ രഹിത വായ്പയായി നല്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. സമ്പാദ്യ തുക തികച്ചും സുതാര്യമായും ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിച്ചും ആയിരിക്കണം ചിലവഴിക്കേണ്ടത്.

<u>ഫെഡറേറ്റഡ് ക്ലസ്റ്റർ</u>

1. വാർഡ് തലത്തിലെ കൃഷിക്കൂട്ടങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഉൾപ്പെടുന്ന ഫെഡറേറ്റഡ് ക്ലസ്റ്റർ, കൃഷി ഓഫീസർ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കേണ്ടതാണ്.

2. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ കൃഷിക്കൂട്ടത്തിന് ഒരു തലം ഉണ്ടായിരിക്കും. കൃഷി ഓഫീസർ ഈ തലത്തിന്റെ കൺവീനർ ആയിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വാർഡുതല കൃഷിക്കൂട്ടങ്ങളുടെ പ്രതിനിധികളുടെ സെക്രട്ടറി/പ്രസിഡന്റ് എന്നിവർ തദ്ദേശസ്വയംഭരണ സ്ഥാപനതല കൃഷിക്കൂട്ടത്തിൽ അംഗങ്ങളായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനതല കൃഷിക്കൂട്ടങ്ങൾ പഞ്ചായത്തുതല സമിതിക്ക് താഴെയായിരിക്കും പ്രവർത്തിക്കുക.

3. തദ്ദേശസ്വയംഭരണ സ്ഥാപനതല കൃഷിക്കൂട്ടത്തിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, വൈസ് പ്രസിഡന്റ്, മെന്റർ എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റ് സമിതിയിലെ പ്രത്യേക ക്ഷണിതാവ് ആയിരിക്കും.

4. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിള ഉല്പാദന പ്ലാൻ തയ്യാറാക്കുക. വിവിധ വകുപ്പുകളുടെ സേവനം ഏകോപിപ്പിക്കുക, കൃഷിക്കൂട്ടങ്ങൾക്കാവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തി നല്കുക. നവീന കൃഷിരീതികൾ, സാങ്കേതിക സഹായങ്ങൾ ഇടങ്ങിയവ കൃഷിക്കൂട്ടങ്ങൾക്ക് നേടിക്കൊടുക്കുക, മറ്റു സേവനങ്ങൾ നല്കുക എന്നിവ ഈ തലത്തിന്റെ ചുമതലയായിരിക്കും.

<u>പ്രവർത്തനം</u>

കൃഷിക്കൂട്ടങ്ങളെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഉത്പാദന മേഖല, വിപണന മൂല്യവർദ്ധന മേഖല, സേവനമേഖല എന്നിങ്ങനെ വേർതിരിക്കാവുന്നതാണ്. ഒരു തദ്ദേശ സ്വയംഭരണ

സ്ഥാപനത്തിലെ കൃഷിക്കൂട്ടങ്ങളുടെ 80% ഉത്പാദന മേഖലയിലും 20% ഇതര മേഖലകളിലുമായിരിക്കും പ്രവർത്തിക്കുക. ഉത്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്ക് ആവശ്യമെങ്കിൽ ഇതര മേഖലകളിലും പ്രവർത്തിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക പ്രത്യേകത കണക്കിലെടുത്ത് അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

<u>കൃഷിക്കൂട്ടം (ഉൽപാദന മേഖല)</u>

1. ഒറ്റയ്ക്കൊറ്റയ്ക്കോ ഗ്രൂപ്പായോ കൃഷി ചെയ്യുവാനുള്ള കൃഷിയിടം കണ്ടെത്തുക. പദ്ധതി ഏകോപനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് ഉടമ്പടിയിൽ ഏർപ്പെടുക.

2. മണ്ണ് പരിശോധന നടത്തിക്കുക.
3. തദ്ദേശസ്വയംഭരണ സ്ഥാപന സമിതിയുമായി ബന്ധപ്പെട്ട് സാങ്കേതിക/ സാമ്പത്തിക സഹായം തേടുക.
4. വിത്ത്/വളം/യന്ത്ര സഹായം എന്നിവ സമയബന്ധിതമായി എത്തിക്കുക
5. കൃഷിയിടം അനുയോജ്യമായി ഒരുക്കുക.
6. ഉല്പാദന പ്ലാൻ തയ്യാറാക്കുക.
7. വിള ഇൻഷുറൻസ് നടത്തുക.
8. വിത്തു ഉല്പാദന പ്ലാൻ തയ്യാറാക്കുക.
9. മൂല്യവർദ്ധനവിനുള്ള സാധ്യത തേടുക.
10. അടുത്ത സീസണിലെ ഉല്പാദന പ്ലാൻ തയ്യാറാക്കുക.
11. ഡോക്യുമെന്റേഷൻ നടത്തുക.

<u>കൃഷിക്കൂട്ടം - (സേവനം/ സംഭരണം/ വിതരണം മേഖല)</u>

1.തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉൽപാദന പ്ലാനിന് അനുസൃതമായ സേവന മേഖലയിലെ പ്രവർത്തന രേഖ തയ്യാറാക്കുക.

2. ഉല്പാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം
3. പ്രവർത്തന രേഖ നടപ്പിലാക്കുവാനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുക.
4. ആവശ്യമായ സാമ്പത്തിക/സാങ്കേതിക സഹായം ലഭ്യമാക്കുക.
5. ആവശ്യമായ ചുമതല അംഗങ്ങൾക്ക് നിശ്ചയിച്ച് നൽകുക.
6 സേവനം/സംഭരണങ്ങളുമായി ബന്ധപ്പെടേണ്ട കൃഷിക്കൂട്ടങ്ങളെ കണ്ടെത്തുക. മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ കണ്ടെത്തുക.
7 സേവനം/സംഭരണം/മൂല്യവർദ്ധനവ് ആരംഭിക്കുക.
7. പ്രാദേശിക വിപണി കണ്ടെത്തുക.
8. അടുത്ത സീസണിലെ ഉത്പാദന പ്ലാൻ അടിസ്ഥാനമാക്കി സംഭരണ/സേവന പ്ലാൻ മുൻകൂട്ടി തയ്യാറാക്കുക.
9. കാർഷിക കർമ്മസേനയോ തത്തുല്യ സേവന ഗ്രൂപ്പുകളോ മുഖേന സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുക.

<u>കൃഷിക്കൂട്ടം - (വിപണന/മൂല്യവർദ്ധന മേഖല)</u>

1. മൂല്യവർദ്ധനവ് അധിഷ്ഠിതമായ കൃഷിയും കൃഷിരീതിയും പ്രോത്സാഹിപ്പിക്കുക.
2.മൂല്യ വർദ്ധനവ് നടപ്പിലാക്കാൻ ആവശ്യമായ അസംസ്കൃത വസ്തുക്കൾ കണ്ടെത്തുക
3. ഇവയ്ക്ക് ആവശ്യമായ സാങ്കേതികവിദ്യകൾ സ്വായത്തമാക്കുക.
4. മൂല്യവർദ്ധനവ് അധിഷ്ഠിതമായ ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
5. മൂല്യവർദ്ധന മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള പിന്തുണ കണ്ടെത്തുക - വ്യവസായ വകുപ്പ്, കുടുംബശ്രീ, മൃഗസംരക്ഷണവകുപ്പ് etc.

6. കാർഷിക മേഖലയിലെ ഡിജിറ്റൽ സാങ്കേതിക വിദ്യ പരമാവധി ഫലപ്രദമായി ഉപയോഗിക്കുക.
7. ഈ മേഖലയിലെ കൃഷിക്കൂട്ടങ്ങളെ ഘട്ടം ഘട്ടമായി FPO കളും Start—up കളും Agro park കളും ആയി മാറ്റാൻ സംവിധാനം ഒരുക്കുക.
8. വിപണനകേന്ദ്രങ്ങൾ ആരംഭിക്കുക.
9. പ്രാദേശികമായി ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുക.